**ഭരണഭാഷ - മാതൃഭാഷ**

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം,
തദ്ദേശസ്വയംഭരണ വകുപ്പ്,
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ്
ആന്റ് എഞ്ചിനീയറിംഗ് വിംഗ്)
ദക്ഷിണ മേഖല, വികാസ് ഭവൻ (പി.ഒ)
തിരുവനന്തപുരം - 33

ഫോൺ - 0471-2300324
email: selsgdsouth@gmail.com

നം. ഇ2/134/2013/എസ്.ഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു, തീയതി 27/10/2025

## പ്രസിദ്ധീകരണത്തിന് / പ്രക്ഷേപണത്തിന്

## വാഹന ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം പി.എം.ജി യിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ് ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലത്തിന്റെ ഔദ്യോഗിക ആവശ്യത്തിനായി ഒരു വർഷ കാലയളവിലേക്ക് 5 സീറ്റർ/സെഡാൻ/7 സീറ്റർ എ.സി വാഹനം ഡ്രൈവർ ഉൾപ്പെടെ വാടക/വാടകയ്ക്ക് നൽകാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. മുദ്രവെച്ച് ക്വട്ടേഷനുകൾ, **03/11/2025 ന് ഉച്ചയ്ക്ക് 1.00 മണിക്ക്** മുമ്പായി സൂപ്രണ്ടിംഗ് എഞ്ചിനീയർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയത്ത് നേരിട്ടോ, ഫോൺ മുഖേനയോ അറിയാവുന്നതാണ്.

ഫോൺ- 04712300342, 9495123872, 9446243931

SUPERINTENDING ENGINEER
Local Self Government Department
South Circle, Thiruvananthapuram

Office of the Superintending Engineer
Thiruvananthapuram
LSGD (LID & EW) South Circle

എൻ.പി/-

"ഭരണഭാഷ – മാതൃഭാഷ"

**സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്**
**ആന്റ് എഞ്ചിനീയറിംഗ് വിംഗ്)**
**സൗത്ത് സർക്കിൾ, വികാസ് ഭവൻ പി.ഒ.**
**തിരുവനന്തപുരം – 33**

**ഫോൺ : 0471 2300324**
**ഇമെയിൽ:** selsgdsouth@gmail.com

---

നം. E2/134/2013/SE/LID & EW(2). തീയതി: 27/10/2025

## <u>വാഹന ക്വട്ടേഷൻ നോട്ടീസ്</u>

തിരുവനന്തപുരം പി.എം.ജി യിൽ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിനായി ഒരു വർഷ കാലയളവിലേയ്ക്ക് 5 seater (Sedan) /7 seater A/C വാഹനം ഡ്രൈവർ ഉൾപ്പെടെ വാടകയ്ക്ക് നൽകാൻ താല്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. മുദ്ര വച്ച് ക്വട്ടേഷനുകൾ 03/11/2025-ന് 01.00 മണിയ്ക്ക് മുമ്പായി സൂപ്രണ്ടിംഗ് എഞ്ചിനീയർ മുൻപാകെ സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷൻ സമർപ്പിക്കേണ്ട മേൽവിലാസം :

സൂപ്രണ്ടിംഗ് എഞ്ചിനീയർ
സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ്
ആന്റ് എഞ്ചിനീയറിംഗ് വിംഗ്
ദക്ഷിണ മേഖല, വികാസ് ഭവൻ (പി.ഒ)
ഫോൺ – 0471-2300324
തിരുവനന്തപുരം– 33

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 03/11/2025 01.00 P.M.

ക്വട്ടേഷൻ തുറക്കുന്ന സമയം : 03/11/2025 03.00 P.M.

**<u>വ്യവസ്ഥകൾ</u>** :-

1. ഒരു മാസം 2,000.00 കി.മീ ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അധിക നിരക്ക് കണക്കാക്കുന്നത് 3 മാസം ആകെ സഞ്ചരിച്ച ദൂരം ഒരു ബ്ലോക്കായി തിരിച്ച് 6,000 കി.മീ അധികരിക്കുമ്പോഴായിരിക്കും. ആയതിന് 6,000 കി.മീ ദൂരം അധികരിച്ചുള്ള ഓരോ കിലോമീറ്ററിനുമുള്ള നിരക്ക് പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്. 18/km ൽ അധികരിക്കുവാൻ പാടുള്ളതല്ല. 2,000 km ന് കുറവ് നിരക്ക് ക്വാട്ട് ചെയ്യുന്ന വ്യക്തിയ്ക്കായിരിക്കും ക്വട്ടേഷൻ അന്തിമമാക്കുന്നത്. ക്വട്ടേഷൻ അന്തിമമാക്കുന്നതിനുള്ള തീരുമാനം ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്.

2. താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ 7 ദിവസത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുമായി അന്തിമ കരാർ വയ്ക്കേണ്ടതാണ്. ക്വട്ടേഷൻ അംഗീകരിച്ച്

ലഭിക്കുന്ന വ്യക്തി അടങ്കൽ തുകയുടെ 5 % സെക്യൂരിറ്റി ഡെപ്പോസിറ്റ്, കരാർ ലഭിക്കുന്ന തുകയുടെ 1% TDS ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

3. ഇന്ധന ചെലവ്, വാഹനത്തിന്റെ അറ്റകുറ്റപണികൾ, ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ ടാക്സ്, ഇൻഷുറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്യേണ്ടത്.

4. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും, ആയതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതു മാണ്.

5. ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുൻപ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേലധികാരിയിൽ നിക്ഷിപ്തമായിരിക്കും.

6. വാഹനം മികച്ച പ്രവർത്തന ക്ഷമതയുള്ളതായിരിക്കണം.

7. കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള PAN Card ഉണ്ടായിരിക്കേണ്ട താണ്.

8. ഏതെങ്കിലും അടിയന്തിര സാഹചര്യം മൂലം വാഹനം നൽകാതെ/യാത്രയ്ക്കിടയിൽ വാഹനത്തിന്റെ തകരാറുമൂലം യാത്ര തടസ്സപ്പെടുകയാണെങ്കിൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.

9. ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ അവധി ദിനങ്ങളിലുൾപ്പെടെ വാഹനം ലഭ്യമാക്കേണ്ടതാണ്.

10. സാധാരണ പ്രവർത്തി സമയം 10.00 am - 5 pm വരെ ആയിരിക്കുന്നതും, എന്നാൽ ആവശ്യപ്പെടുന്നതനുസരിച്ച് സമയപരിധിയില്ലാതെ വാഹനം ലഭ്യമാക്കേണ്ടതുമാണ്.

11. കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിലുണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവ് പരിഗണിക്കുന്നതല്ല.

12. ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും, യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായും രേഖപ്പെടുത്തേണ്ടതുമാണ്.

13. ഓഫീസിൽ നിന്നും പുറപ്പെട്ട് ഓഫീസിൽ തിരികെ എത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക.

14. ഇതുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ ഉത്തരവുകളും സർക്കുലറുകളും ക്വട്ടേഷന് ബാധകമാണ്.

15. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ക്വട്ടേഷൻ ഫോം, ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം സീൽ ചെയ്ത് 03/11/2025-ന് 1.00 മണി വരെ സ്വീകരിക്കുന്നതും,

അന്നേ ദിവസം 3.00 മണിയ്ക്ക് ഹാജരാകുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതു മാണ്.

16. സീൽ ചെയ്ത ക്വട്ടേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ് (ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ആന്റ് എഞ്ചിനീയിംഗ് വിംഗ്) ദക്ഷിണ മേഖല, വികാസ് ഭവൻ(പി.!), തിരുവനന്തപുരം-33 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്.

ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയത്ത് നേരിട്ടോ ഫോൺ മുഖാന്തിരമോ അറിയാവുന്നതാണ്. ഫോൺ: 0471-2300324, 6238340965, 9495123872,9446243931

**സൂപ്രണ്ടിംഗ് എഞ്ചിനീയർ**

പകർപ്പ്:-

നോട്ടീസ് ബോർഡ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം ജില്ല പഞ്ചായത്ത്

Office of the Superintending Engineer LSGD (LIEW) S. Zone Thiruvananthapuram